4268.

# ലഘുരാമായണം.

476
P

B. V. BOOK DEPOT,

TRIVANDRUM

ശ്രീമഹാദേവീഭാഗവതാന്തർഗ്ഗതം

# ലഘുരാമായണം.

---

പരിശോധകൻ.

ചിററൂർ, വരവൂർ [illegible]

---

പ്രകാശകൻ.

കുളക്കുന്നത്തു രാമൻമേനോൻ.

---

൧-ാം പതിപ്പ് കാപ്പി ൧൦൦൦

---

ബി. വി. ബുക്കഡിപ്പോ

തിരുവനന്തപുരം.

[പകർപ്പവകാശം.]

---

“കമലാലയ[illegible]

തിരുവനന്തപുരം.

1097

വില [illegible]

BOX 82, TRIVANDRUM-1.

# ലഘുരാമായണം.

---

“ലോകകണ്ടകനായ പംക്തികണ്ഠനെക്കൊന്നു
ലോകസംരക്ഷചെയ്താൻ ഭഗവാൻ രാമചന്ദ്രൻ
ലോകമാതാവിനെസ്സമ്പൂജിച്ചാനെന്നു സർവ്വ-
ലോകനായക! കനിഞ്ഞരുളിച്ചെയ്തീലയോ?
വൈകുണ്ഠൻ ശ്രീരാമനായ്വന്നവതരിച്ചതും
ശ്രീകണ്ഠ! ഭക്തിയോടും ദേവിയെ പൂജിച്ചതും
അരുളിച്ചെയ്യേണമേ വിസ്തരിച്ചഖിലവും
ശരിയായ്ഗ്ഗ്രഹിക്കുവാനില്ല മറ്റൊരുത്തരും.”
ഇത്തരം ശ്രദ്ധാലുവാം നാരദൻ ചോദിക്കയാൽ
മുത്താൻമഹാദേവൻ പിന്നെയുമരുൾചെയ്താൻ:—
“ഭുവനേശ്വരിയായ ദേവിയെസ്സംപ്രാർത്ഥിച്ചു
ഭുവനത്രയംപരാജയിച്ചു ദശാനനൻ;
അവനിൽസ്സന്തുഷ്ടയായ് വിജയപ്രദയായി
നിവസിച്ചിതു ലങ്കാപുരിയിൽ മഹേശ്വരി.
യോഗിനിമാരോടൊത്തങ്ങീശ്വരി വസിക്കയാൽ
ഭാഗധേയാബ്ധിയായിബ്ഭവിച്ചു ലങ്കേശ്വരൻ.
ലോകോപദ്രവമവൻ ചെയ്കയാൽ തപഃപുണ്യ-
മാകെസ്സംക്ഷയിച്ചപ്പോളവിടം വിട്ടുദേവി.
ചണ്ഡവിക്രമയാം ചണ്ഡികാദേവിയെ കോ-
ദണ്ഡപാണിയാം രാമൻ പൂജിച്ചു ഭക്തിപൂർവം;
ദേവിതന്നനുഗ്രഹം നന്നായിസ്സമ്പാദിച്ചു
രാവണൻതനൊപ്പിന്നെസ്സകലം വധിച്ചിതു;

പറയാംസാംപ്രതംഞാൻ വിസ്തരിച്ചതു സർവം
പെരികെശ്രദ്ധയോടുകേട്ടാലും മഹാമുനേ!
രാവണൻദർപ്പത്തോടും ദേവേന്ദ്രമുതലായ
ദേവന്മാരെയും ദേവദേവനാം ഹരിയേയും
വിജയിച്ചലംപീഡിപ്പിച്ചിതു ലോകത്തെയാ-
രജനീചരേന്ദ്രനെപ്പേടിക്കാത്തവരില്ലാ;
ക്രതുഭക്ഷകർക്കില്ല ഭക്ഷണമെന്നായ്തീർന്നു;
ക്രതുചെയ്തതിന്നാർക്കും പാടില്ലെന്നായിവന്നു;
ലോകത്തിലെങ്ങും ദേവപൂജയില്ലാതെയായി;
ഹാ!കഷ്ടം! തപസ്സാരും ചെയ്യാതെതന്നായ്തീർന്നു.
ദുഷ്ടൻരാക്ഷസരാജൻ സൽക്കർമ്മം ചെയ്യുന്നോരെ
ശിക്ഷിക്കുന്നുശിക്ഷിക്കുവാൻ ചട്ടങ്ങളുണ്ടാക്കിനാൻ.
എന്തിഹചെയ്യേണ്ടതെന്നന്തരംഗത്തിൽസ്സദാ
ചിന്തിച്ചുമുനീന്ദ്രന്മാർ സന്തപിച്ചിതുപാരം.
ദേവേന്ദ്രൻ പ്രതിദിനം കാഴ്ചയുംകൊണ്ടുച്ചെന്നു
രാവണൻതന്റെമുന്നിൽ കൈകെട്ടി നിന്നീടേണം;
കല്പിക്കുംരക്ഷോനാഥൻ വല്ലതുമതുമൊട്ടു
കല്പനപോലെയെന്നു ദേവേന്ദ്രൻ ബോധിപ്പിക്കും;
പാവകൻമുതലായ മററു ദിക്പാലന്മാരു-
മിവ്വണ്ണംതദാജ്ഞാനുസാരികളായാരല്ലോ.
അർക്കനുംശശാങ്കനും മററുള്ള ഗീർവ്വാണന്മാ-
രൊക്കയും ദശാസ്യന്റെ ദാസരായ്തീർന്നുകഷ്ടം.
നിത്യോപദ്രവിയായ രാവണൻചെയ്യുന്ന ദു-
ഷ്കൃത്യങ്ങൾ സഹിക്കുവാനാവതില്ലായ്കമൂലം
സുരതാപസയക്ഷസിദ്ധനാഗാദിസംഘം
ധരണീദേവിയോടുമൊരുമിച്ചൊരുദിനം

സത്യലോകത്തിൽച്ചെന്നു സാരസോൽഭൂതനെക്ക-
ണ്ടത്യന്തം താഴ്മയോടും സങ്കടംബോധിപ്പിച്ചു:—
'ലോകേശ! ദശാനനൻ വരദർപ്പേണസർവ്വ-
ലോകോപദ്രവംചെയ്തുവാഴുന്നു ഭയങ്കരൻ;
തത്ഭാരം സർവ്വംസഹയ്ക്കധുനാസഹിക്കുവാൻ
കെല്പില്ലാഞ്ഞിതാവന്നുനിൽക്കുന്നു വിവശയായ്.
അവനീദേവിയെയിന്നവനം ചെയ്യുന്നതി-
ന്നവനെക്കൊന്നീടേണം ഭവാനാശചരി വേഗം.
എന്തതിന്നുപായമെന്നന്തരം ക്രൂടാതുടൻ
ചിന്തിച്ചുകല്പിക്കേണം നിന്തിരുവടിതന്നെ.'
ഈവണ്ണമാധിയോടുമാദ്യവാതിയെച്ചൊന്ന
ദേവേന്ദ്രാദികളെയും മേദിനീദേവിയെയും
ലോകേശനാശ്വസിപ്പിച്ചവരോടൊരുമിച്ചു
വൈകുണ്ഠംസമ്പ്രാപിച്ചുവിഷ്ണുവിനോടുചൊന്നാൻ:—
'അല്ലയോവിശ്വംഭര! ദുഷ്ടനദ്ദശാനനൻ
വല്ലാതെയുപദ്രവിക്കുന്നിതു ലോകങ്ങളെ;
മർത്ത്യനായ്പിറന്നിട്ടു നിന്തിരുവടിതന്നെ
ദൈത്യനാശനി വേഗംകൊല്ലേണം ദശാസ്യനെ.
മാനുഷനല്ലാതെ കണ്ടവനെക്കൊല്ലില്ലാരും
ഞാനവനപ്രകാരം നൽകിനേൻവരംപുരാ.'
ഇത്തരംധാതാവു തന്നുക്തിയെ ശ്രവിച്ചപ്പോ-
ളുത്തമപുരുഷനമ്മുത്തരമരുൾചെയ്തു:—
'മർത്ത്യദേഹത്തെപ്പൂണ്ടു ഞാനടൻ ദശരഥ-
പുത്രനായ്ഭവിച്ചിട്ടാദുഷ്ടനാം ദശാസ്യനെ
പുത്രബാന്ധവഭൃത്യാമാത്യവർഗ്ഗത്തോടൊത്തു
യുദ്ധത്തിൽവധിക്കുവനില്ല സംശയമേതും.

വാനവരെന്നെസ്സഹായിക്കുവാൻ വൈകാതൃക്ഷ-
വാനരരൂപികളായ് ഭൂമിയിൽ ജനിക്കേണം.
ഒരു ദുൎഘടമുണ്ടു ദുഷ്ടനെക്കൊന്നീടുവാൻ
പെരികെച്ചിന്തിക്കേണ്ട കാൎയ്യമാണതുവിധേ!
രാവണൻ ഭക്തിയോടും ത്രിജഗജ്ജനനിയാം
ദേവിയെപ്പൂജിക്കുന്നു സന്തതമതുമൂലം,
പെരികെ പ്രീതിപൂണ്ടു യോഗിനീസംഘത്തോടും
മരുവുന്നിതു ലങ്കാപുരിയിൽ കാത്യായനി;
കൈവെടിയേണം ദേവി ലങ്കയെക്കാരുണ്യമുറ-
പ്പൂവിലീശപരികെന്നിൽസ്സംഭവിക്കയുംവേണം;
അല്ലെങ്കിൽ ദശാസ്യനെക്കൊല്ലുവാൻ സാധിക്കുന്ന-
തല്ലൊരു വിധത്തിലുമെന്നോൎക്ക പത്മയോനേ!
എന്തൊന്നു ചെയ്തീടേണമായതിന്നെന്നു നന്നായ്
ചിന്തിച്ചു വേണ്ടമാൎഗ്ഗം തീൎച്ചയാക്കേണംവേഗം.
ശത്രുനിഗ്രഹത്തിന്നു ദേവിതന്നനുഗ്രഹം
പ്രത്യേകിച്ചാവശ്യമാണോൎക്കമെന്നറിയേണം.
രാവണന്നനുകൂലയാകുന്ന ദേവിയെങ്കി-
ലാവതെന്തവനെഞാൻ കൊല്ലുവാനാളാകുമോ?'
സരസീരുഹഭവൻ ചൊല്ലിനാനപ്പോളേവം—
'ശരിയാണതുവിഭോ! രാവണൻ ദുൎഗ്ഗാഭക്തൻ;
ദുഷ്ടനാണെന്നാകിലും ദേവിസംരക്ഷിക്കയാൽ
കഷ്ടത്തിലാകയില്ല യുദ്ധത്തിലൊരിക്കലും.
എന്നാലും മഹാപാപിയാകുമദ്ദശാസ്യനെ-
ക്കൊന്നീടാൻതരംവരുമില്ലസംശയമേതും.
ലോകമാതാവാം മഹാദേവിതൻ വകയല്ലോ
ലോകങ്ങളഖിലവും, ചിന്തിച്ചുകാണുന്നേരം

ഭുവനംമുഴുവനുമുളവാക്കീടുന്നതു-
മവനംചെയ്യുന്നതും സൂക്ഷ്മത്തിൽദ്ദേവിതന്നെ.
സൃഷ്ടിയെച്ചെയ്യുന്നഞാൻ, സംരക്ഷിക്കുന്നവൻ,
വിഷ്ടപത്രയനാഥ്വ സംഹരിക്കുന്നരുദ്രൻ;
നിമിത്തംമാത്രമത്രെ നമ്മൾ മൂവരുമത്ര
സമസ്തേശ്വരിതന്നെ കാരണമെല്ലാററിനും.
ഓത്താൽ നാമെല്ലാവരും ദേവിതന്നുടെയോരോ
മൂത്തികളാകകൊണ്ടു നമ്മുടെ വിരോധിയെ
പരിപാലിച്ചുകൊണ്ടു മരുവീടുകയില്ല
പെരികെക്കാലമെന്നു കരുതീടുകവേണം.'
കമലാസനനേവമുരചെയ്തതുകേട്ടു
കമലാകാന്തൻ വീണ്ടുമരുളിച്ചെയ്തിതേവം—
'പോകേണം നമുക്കൊന്നു കൈലാസത്തോളംവിധേ!
ലോകമാതാവാം മഹാദേവിയെ ദർശിക്കേണം;
ശിഷ്ടന്മാരായുള്ളോരെ ദ്വേഷിച്ചുവാഴുംമഹാ-
ദുഷ്ടനാം മഹിഷാസുരന്റെസ്സംഹാരം ചെയ്തീടുവാൻ
ചെയ്യേണം സഹായമെന്നീവണ്ണമപേക്ഷയെ-
ച്ചെയ്യേണം സർവേശ്വരിയോടു നാമിപ്പോൾതന്നെ.'
ഗരുഡദ്ധ്വജനേവമരുളിച്ചെയ്തുവേഗം
പരമേഷ്ടിയോടൊത്തു കൈലാസം സമ്പ്രാപിച്ചു;
വിധുചൂഡനെക്കണ്ടു വിധുവും വിധാതാവു-
മധുനാവന്നകാര്യമിന്നതെന്നറിയിച്ചു.
ദേവേശന്മാരാമവർമൂവരുംകൂടിപ്പിന്നെ
ദേവിയെച്ചെന്നുകണ്ടു വന്ദനംചെയ്തു ഭക്ത്യാ.
സുപ്രസന്നാനനാരവിന്ദയാം മഹാദേവി-
യപ്പോളാമൂവരേയും സദയം തൃക്കൺപാത്തു.
ഉടനേ ഭവാനിതന്നുടലിൽ നിന്നുവേറെ

വടിവൊന്നംഗീകരിച്ചവിടെ പ്രശോഭിച്ചു.
സാരസംപോലെപ്പാരം ശോഭിക്കും വദനവും,
ചാരുതചേരും ഹാരം വിളങ്ങും തിരുമാറും,
സോമാർദ്ധയുക്തചാരുമൌലിയും, പതിനെട്ടു-
കോമളകരങ്ങളും, നീണ്ടുള്ള നേത്രങ്ങളും,
അഴകേറുന്ന മന്ദഹാസവും, വെൺമുത്തുകൾ-
ക്കഴലേറുമാറേററം വിളങ്ങും ദന്തങ്ങളും,
മണിഭൂഷണങ്ങളും ചേരുമീശ്വരി ദിവ്യ-
മണിപീഠത്തിൽ പ്രഭാമണ്ഡലാഞ്ചിത വാണാൾ.
അഞ്ജസാ രോമാഞ്ചിതവിഗ്രഹൻ നാരായണൻ
കഞ്ജലോചനൻ ചൊന്നാനഞ്ജലിചെയ്തു ഭക്ത്യാ:—
'മാതാവേ! പൌലസ്ത്യൻറെ നന്ദനൻ ദശാനനൻ
യാതുധാനന്മാൎക്കെല്ലാം നായകൻ ഭയങ്കരൻ
രാവണൻ ബാധിക്കുന്നു സൎവ്വലോകങ്ങളേയും
ദേവി! നിന്നനുഗ്രഹദർപ്പിതനവനേററം.
രാവണോപദ്രവത്തെസ്സഹിപ്പാൻ വയ്യാതാർത്ത്യാ
ദേവേന്ദ്രൻമുതലായ ദേവന്മാരെല്ലാവരും
ശരണംപ്രാപിച്ചിരിപ്പൂ പരമേഷ്ഠിയെശ്ശിവേ!
സരസീരുഹോത്ഭവൻ താനുമെന്നതുമൂലം
എന്നോടുമർത്ത്യദേഹം കൈക്കൊണ്ടുദശാസ്യനെ-
ക്കൊന്നാശു ഭൂഭാരത്തെത്തീൎക്കണമെന്നുചൊന്നാൻ.
അങ്ങിനെചെയ്യാമെന്നു സമ്മതിച്ചിതുസൎവ്വ-
മംഗളേ! മേലും കീഴമാക്കാതെ ഹന്തഞാനും.
വരദേ! നിന്നെനിത്യം രാവണൻ സേവിക്കുന്നു;
പരമേശ്വരനേയുമായവൻ പൂജിക്കുന്നു;
പെരികെ പ്രീതിയോടുമവനെസ്സുരാർച്ചിതേ!
പരിപാലിപ്പാൻ ലങ്കാപുരിയിൽ പാൎക്കുന്നു നീ.

നീലകണ്ഠനുംനീയും പാലനംചെയ്തുവാഴും
കാലമക്രവ്യാദനെക്കൊല്ലുന്നതെച്ചൂണ്ണുംഞാൻ.
പ്രത്യകംദശാസ്യനെക്കാത്തുരക്ഷിച്ചുനീതാൻ
നിത്യവുംതത്രലങ്കേശ്വരിയായ്വർത്തിക്കുന്നു;
ലോകത്തെരക്ഷിക്കുവാൻഞാനിനിച്ചെയ്യേണ്ടതെ-
ന്താകുന്നു മഹാദേവി! നീതന്നെകല്പിക്കേണം.'
ഭഗവാൻ പത്മനാഭനിവണ്ണംചൊന്നനേരം
ജഗദംബികകനിഞ്ഞുത്തരമരുൾചെയ്തു:—
'രാവണാരാധിതാഞാനവനെസ്സംരക്ഷിച്ചു
മേവുന്നുലങ്കയിങ്കലെന്നതുസത്യംതന്നെ.
എന്നെയുംശിവനേയുംവളരെക്കാലമായി-
ട്ടനപായംപൂജിക്കുന്നു രാവണൻഭക്തിയോടും;
വർദ്ധിച്ചസമ്പത്തവന്നതുകൊണ്ടതിമാത്രം
സിദ്ധിച്ചീടേണ്ടതായിട്ടില്ലവന്നിനിയൊന്നും.
സാധിച്ചുമനോരഥമൊക്കെയുംവിഷ്ണോ! ലങ്കാ-
നാഥനുപൂർണ്ണമായിസ്സിദ്ധിച്ചുതപഃഫലം.
ബലദർപ്പിതനായിത്താൻതന്നെനശിക്കുവാ-
നുലകിനെല്ലാമുപദ്രവിയായ്ത്തീർന്നാനവൻ.
അല്ലയോനാരായണ! ദുഷ്ടനാംദശാസ്യനെ-
ക്കൊല്ലേണ്ടതാമെന്നുഞാനസാമ്പ്രതംചിന്തിക്കുന്നേൻ.
ഭംഗിചൊല്ലുകയല്ല പങ്കജേക്ഷണ! വല്ല
സംഗതിവന്നാലവൻതന്നെഞാൻനശിപ്പിക്കും.
പക്ഷേദുഷ്ടനെപാരമേറുമാരക്ഷസ്സിനെ-
സ്സാക്ഷാൽഞാൻവധിക്കുവാനുത്സാഹിക്കുന്നതില്ലാ.
വിധിചൊന്നതുപോലെചെയ്യുകതന്നെയുക്തം
മധുസൂദന! ഭവാൻ മർത്ത്യനായ്ഭവിച്ചാലും.

കമലേക്ഷണ! ഭവാൻമൎത്ത്യത്വംപ്രാപിക്കുമ്പോൾ
കമലാ മദംശജാ ജനകാത്മജയാകും;
മമമൃത്യന്തരയാംസ്തവവല്ലഭയാമ-
ക്കമനീയാംഗിയെക്കണ്ടധികംകൊതിയോടും
ഹരിക്കുംമോഹാന്ധനായ്ദുർബുദ്ധിദശാനനൻ
ധരിത്രീപുത്രിയാകുമവളെക്കില്ലുന്നിയെ;
ലങ്കയിൽവാഴുംധരാപുത്രിയെക്കാണ്മാൻപിന്നെ-
ശ്ശങ്കരൻഹനുമാനായ്തത്രവന്നീടുംനൂനം;
വെടിയുംലങ്കയെഞാനന്നേരാവണൻെറ
മുടിയുംശരീരവുംമുടിയുംസൎവ്വസ്വവും.
ഞാനാലങ്കയെവിട്ടുപോന്നാൽശ്രീമഹാദേവൻ
വാനരരൂപനാശ്ശുലങ്കയെ ഭസ്മമാക്കും.
വിഗ്രഹത്തിങ്കൽക്കേമനാകുമദ്ദുഷ്ടൻ തന്നെ
നിഗ്രഹിക്കുവാനെന്നെസ്സൎവ്വദാ സ്മരിക്കേണം.
പാൎത്തലത്തിങ്കൽഭവാൻപാരംവിഖ്യാതിതേടും
മാൎത്താണ്ഡവംശത്തിങ്കൽമൎത്ത്യനായ്ജനിക്കുമ്പോൾ
വിശിഷ്ടാത്മാവായുള്ള വിശ്വാസ്യക്കിൻെറപുത്രൻ
വസിഷ്ഠൻമന്ത്രത്തെഗ്രഹിപ്പിച്ചീടുംനിന്നെ;
ശത്രുനിഗ്രഹത്തിനുമാത്രമക്ഷയ്യം വത്സ!
യുദ്ധത്തിൽജപിക്കനീയിമ്മന്ത്രംരഹസ്യമായ്;
മന്ത്രം ജപിക്കയാൽരാവണമേലാരാസ്ത്രങ്ങൾ
നിന്മെയ്യിലേൽക്കയില്ലയുദ്ധത്തിലൊരിക്കലും;
സംഹാരകാരിണിയാമന്നാഭദ്രശാസ്യൻെറ
ദേഹത്തിൽബ്ബാണമെയ്യുംനേരംനീ സ്മരിക്കേണം;
വിജയംലഭിച്ചീടുംനിനക്കെന്നതുമൂലം
രജനീചരവംശംനശിക്കുംനിസ്സംശയം.

ദുർല്ലംഘ്യംസമുദ്രമെന്നാകിലുംമൽപ്രസാദാൽ
കില്ലെന്ന്യേ കപികളോടൊന്നിച്ചുകടന്നുനീ
ലങ്കയിൽച്ചെന്നുചേരും ബ്രഹ്മാവിൻവചനത്താൽ
വങ്കടൽക്കരയിലസ്സുരൽക്കാലത്തിൽഭവാൻ,
മണ്ണുകൊണ്ടെന്റെരൂപമുണ്ടാക്കിശ്രുതിയോടും-
വണ്ണമുറംഭക്തിയോടുംപൂജിക്കുമനന്തരം;
തങ്കത്തേരിങ്കൽനിന്നുപങ്കജേക്ഷണ! ഭവാൻ
ലങ്കാനാഥനെവീഴ്ത്തുംശങ്കയില്ലല്പംപോലും.
യുദ്ധത്തിൽപുത്രഭൃത്യാമാത്യബന്ധുക്കളോടു
യുക്തനാം ദശാസ്യനെ നിഗ്രഹിച്ചനന്തരം
വൈകുണ്ഠ! പവിത്രയാംകീർത്തിയെപ്പരത്തിബ്ഭൂ-
ലോകത്തിൽസ്സർവ്വോൽകൃഷ്ടനായിനീവാഴുംചിരം.
ത്വരിതംശ്രമിച്ചാലും നരനായ്ഭവിക്കവാൻ
ചെറ്റുംശങ്കിക്കേണ്ടമദനുഗ്രഹമുണ്ടാം.'
ഇവണ്ണംലോകമാതാവരുളിച്ചെയ്യുന്നേരം
ഗോവിന്ദൻശങ്കയോടുംപിന്നെയുമുണർത്തിനാൻ:—
'ഭക്തവത്സലേ! നല്ലഭക്തനദ്ദശാനനൻ
ഭക്ത്യാസന്തതംനിന്നെധ്യാനിക്കുന്നവനല്ലോ;
അവനെക്കൃപാലയേ! നീപരിത്യജിക്കുമോ?
ഭുവനേശ്വരി! നിന്നെരാവണൻ മറക്കുമോ?
സങ്കടംവന്നാലവൻ സ്മരിക്കും നിന്നെബ്ഭക്ത്യാ
നിങ്കഴലോർത്തുവാഴുന്നവനെക്കൊല്ലുമോ ഞാൻ?
അല്ലയോസുരേശ്വരി! നിന്നെസ്സംസ്മരിപ്പോനെ
മുല്ലബാണാരിതാനും ഞാനുമജ്ജനുമെന്നും
മാലിയലാതവണ്ണമായുധംധരിച്ചുപി-
ന്നാലെച്ചെന്നനാരതം പാലനം ചെയ്യീടുന്നു.

പാരമൂൎഥഭക്തിയോടും നിന്നെധ്യാനിച്ചുകൊണ്ടു
സേവചെയ്യുന്നനിന്റെ ഭക്തനാം ദശാസ്യനെ
പരിപാലനംചെയ്യീടാതെ കണ്ടെപ്രകാരം
പരമേശ്വരി! ദേവീ! ഹന്തഞാൻ ഹനിച്ചീടും?'
ഇന്ദിരാകാന്തനേവം ചൊന്നോരുനേരം കൃപാ-
മന്ദിരാമഹേശ്വരി പിന്നെയുമരുൾചെയ്തു:—
'യുദ്ധത്തിൽപ്പരാക്രമം ക്രൂട്ടമായവനെന്നെ-
ച്ചിത്തത്തിൽസ്മരിച്ചീടുമെന്നതു സത്യംതന്നെ;
എന്നാലും യുദ്ധത്തിലാരാവണൻ ചത്തുവീഴ-
മെന്നതെങ്ങിനെയെന്നുചൊല്ലാം ഞാൻശ്രവിച്ചാലും:
ജഗത്തൊക്കയുമെന്റേതാകുന്നു കില്ലില്ലേതും
ജഗദ്രൂപിണി തന്നെഞാനെന്നു ബോധിക്കേണം;
ലോകത്തെദ്രോഹിക്കുന്നതെന്നെ ദ്രോഹിക്കയത്രേ
ലോകത്തെയേവം ദ്രോഹിക്കുന്നവൻ ഭക്തിയോടും
ആപൽക്കാലത്തിലെന്നെ ധ്യാനിച്ചീടുന്നതായാൽ
പ്രാപിക്കില്ലൈഹികമാം ഫലമവനേതും.
മരണത്തിന്റെശേഷം തൽഫലം മുഴുവനും
പരലോകത്തിൽ ഭുജിച്ചീടുമെന്നറിയേണം.
ലോകോപദ്രവമൊന്നും ചെയ്യാതെ ഭക്തിയോടും
ലോകത്തിലെന്നെ ധ്യാനിക്കുന്നവനാരായാലും
അവനെക്കനിഞ്ഞിഹത്തിങ്കലും പരത്തിലു-
മവനംചെയ്യുംസദാകാലം ഞാൻകില്ലില്ലേതും;
അങ്ങിനെയുള്ള നല്ലശീലവാനായുള്ളോനെ
നിങ്ങളും വേണ്ടുംവണ്ണം പരിപാലനംചെയ്യും;
സൎവ്വഭോഗങ്ങളേയുംഭുജിക്കും ഭൂലോകത്തിൽ
നിൎവ്വാണമന്ത്യത്തിങ്കൽ പ്രാപിക്കും മഹാനവൻ.
ഞാനാലങ്കയിൽ വാഴുംകാലത്തുദശാസ്യനു

ഹാനിപാറുകയില്ല യാതൊന്നുമെന്നാകയാൽ
സന്ത്യജിച്ചീടാം ലങ്കാപുരിയെക്കില്ലെന്ന്യേഞാൻ
സന്താപം ജഗത്രയത്തിന്നവൻ വളക്കയാൽ
പരിപാലിക്കില്ലഞാൻ പടയിൽദ്ദശാസ്യനെ
ഹരനെപ്രാത്ഥിച്ചാശു മത്ത്യനായ്ഭവിക്കനീ.'
പരദേവനേവമരുളിച്ചെയ്തശേഷം
ഹരനെത്തൊഴുതിതാഹരിയുംവിരിഞ്ചനും
പിന്നെശ്രീനാരായണൻചൊല്ലിനാൻ 'മഹാദേവി
ചൊന്നതുശംഭോ! ഭവാൻസാമ്പ്രതംകേട്ടീലയോ?
സഹായ്യംഭവാനെന്തുചെയ്തീടുംദശാസ്യനെ-
സ്സംഹാരംചെയ്വാനെനിക്കിന്നിപ്പോൾകല്പിക്കേണം.'
ത്രിപുരാന്തകൻചൊന്നാൻ '-വായുനന്ദനനായി-
ക്കപിശ്രേഷ്ഠനാവിശ്വംഭര ജനിച്ചുഞാൻ
വേണ്ടുന്നസഹായങ്ങളൊക്കവേചെയ്യാംദശ-
കണ്ഠസംഹാരംചെയ്തുകൊള്ളുവാനരിന്ദമ!
സമുദ്രംഭയങ്കരംഞാൻചാടിക്കടന്നിട്ടാ;
ക്ഷമതൻപുത്രിയാംനിൻപത്നിയെത്തേടിക്കാണും;
ചേതസ്സിൽഭയംഞാൻസർവഥാവളർത്തുവൻ
പ്രീതിയെത്തദാപത്മാവല്ലഭ!കില്ലില്ലേതും.
വാനരാകാരേണഞാൻലങ്കയിൽപ്രവേശിച്ചാൽ
വാനരസ്വരൂപിണിയായുള്ളലങ്കേശ്വരി
കൈവെടിഞ്ഞീടുംസ്വയംലങ്കയെയെന്നിസ്സംശയം
ശ്രീവരിവലുതായസാഹായ്യമതല്ലയോ?
വിരിഞ്ചൻതുണയ്ക്കുന്നതെവ്വണ്ണംനിന്നെയപ്പോൾ
ശൌരിയ്ക്കായതുമിപ്പോൾചൊല്ലേണംചോദിച്ചേയ്ക്കു.'
ഇന്ദുചൂഡോക്തികേട്ടുപുഞ്ചിരിയോടപ്പോ-
ളിന്ദിരാകാന്തൻമുദാനോക്കിനാൻബ്രഹ്മാവിനെ.

ഹരിതന്നഭിപ്രായമറിഞ്ഞു ചിരിച്ചുടൻ
സരസീരുഹോത്ഭവനന്നേരമേവം ചൊന്നാൻ :—
'ഊക്കേറുമൃക്ഷേന്ദ്രനായംശത്താൽഭവിച്ചു ഞാ-
നക്കാലം സഹായിക്കാമധികം തവ ഹരേ!
രാവണാനുജനായി വാഴുന്നു സ്വയം ധർമ്മ-
ദേവനായവനല്ലോ വിഖ്യാതൻ വിഭീഷണൻ;
അക്രമം ചെയ്യും ദശകണ്ഠനെപ്പരിത്യജി-
ച്ചക്കാലം സഹായിക്കുമവനും നിന്നെയേറ്റം.
ദുഷ്ടനെക്കൊന്നു ലോകം രക്ഷിക്കുന്നതിന്നാശു
വിഷ്ടപത്രയനാഥ! മർത്ത്യതാം പ്രാപിച്ചാലും.'
ഈവണ്ണം സംഭാഷണം ചെയ്തവർ പിരിഞ്ഞിത-
ഗ്ഗോവിന്ദൻ പത്മാലയാവല്ലഭനനന്തരം
ഭൂലോകേശ്വരനായ പംക്തിസ്യന്ദനൻതന്റെ
നാലു നന്ദനന്മാരായ് ജനിച്ചാനേകൻ സ്വയം.
രാമനും ലക്ഷ്മണനും ഭരതൻതാനും ശത്രു-
ഭീമനാം ശത്രുഘ്നനും വിഖ്യാതകീർത്തിമാന്മാർ.
രാമനും ഭരതനും പേശലദൂർവാദള-
ശ്യാമളന്മാരാകുന്നു, ലക്ഷ്മണശത്രുഘ്നന്മാർ
സ്വർണ്ണഗൌരാംഗന്മാരാകുന്നിതീനാലുപേരും
വർണ്ണിച്ചാലൊടുങ്ങാത്തസ്സൽഗുണസമ്പൂർണ്ണന്മാർ.
രാമനോടൊത്തു വാഴും ലക്ഷ്മണൻ സദാ തഥാ
സാമോദം ചേർന്നു വാഴും മറ്റവരിരുവരും
ഇന്ദിരാദേവി ധാത്രീപുത്രിയായ് വിദേഹനാം
മന്നന്റെ മന്ദിരത്തിൽ കന്യകയായി വാണാൾ.
ബ്രഹ്മാവു നിജാംശത്താലൃക്ഷപുംഗവനായ
ജാംബവാനായിത്തീർന്നു ബുദ്ധിമാനവനേറ്റം;

മൃത്യുശാസനൻനിജാംശത്തിനാൽജഗൽപ്രാണ-
പുത്രനാം ഹനുമാനായ്ജനിച്ചുധരിത്രിയിൽ;
ഭൂതലത്തിങ്കലേവമൃക്ഷവാനരവംശ-
ജാതന്മാരായിവാണുമററുള്ളദേവന്മാരും;
ശ്രീനികേതനൻതന്റെവരവുംകാത്തുകൊണ്ടു
കാനനംതന്നിൽസ്വൈരം വാണിതായവരെല്ലാം.
വനജോൽഭൂതപുത്രനാകിയ വസിഷ്ഠമാ-
മുനിയാ രാമാദികളാകിയ ബാലന്മാരെ
സൎവശാസ്ത്രങ്ങളേയും പഠിപ്പിച്ചിതു മുദാ
ശൎവാണീമന്ത്രംകൊണ്ടു ദീക്ഷിപ്പിക്കയും ചെയ്തു.
ഉത്തമഗുണാലയന്മാരവർ നാലുപേരും
ശസ്ത്രാസ്ത്രപാരംഗതന്മാരായിബ്ഭവിച്ചിതു.
ഉത്തമൻ വിശ്വാമിത്രനെന്നു വിഖ്യാതൻമുനി-
സത്തമൻ കൌശികജനകാലത്തൊരുദിനം
ക്രതുസംരക്ഷചെയ്തുകൊള്ളുവാനായിശ്ശത-
ക്രതുതുല്യനാം പങ്ക്തിസ്യന്ദനഭൂപാലനെ
കണ്ടുചോദിച്ചു രാമലക്ഷ്മണന്മാരെക്കൂട്ടി-
ക്കൊണ്ടു തന്നാശ്രമത്തിന്നാശ്രമം പുറപ്പെട്ടു.
ഘോരരാക്ഷസിയായീട്ടുന്നോരു താടകയെ
ശ്രീരാമൻ വധിച്ചിതായാത്രയിൽ മദ്ധ്യേമാൎഗ്ഗം.
രാമനും ലക്ഷ്മണനും ദിവ്യശസ്ത്രാസ്ത്രങ്ങളെ
സാമോദം വിശ്വാമിത്രനുപദേശിച്ചുപിന്നെ
പ്രാപിച്ചു തപോവനം യാഗത്തെ മുടക്കുന്ന
പാപികളായ ഘോരരാക്ഷസന്മാരെക്കണ്ടു
വധിച്ചു സുബാഹുവാം യാതുധാനനെപ്പാഥോ-
നിധിയിൽ തള്ളിയിട്ടാൻ ശ്രീരാമൻ മാരീചനെ.

അധികം പ്രീതനായ മാമുനിയോടുംകൂടി
മിഥിലാരാജ്യത്തെക്കു ബാലന്മാർ പുറപ്പെട്ടു.
ബ്രഹ്മാവിൻ തനൂജയാമഹല്യാദേവിക്കുള്ള
കന്മഷംതീൎത്തു രാമൻ പ്രാപിച്ചു മിഥിലയെ
അത്യുഗ്രം ശിവചാപം പൊട്ടിച്ചുരഘൂത്തമൻ
വൎദ്ധിച്ചു ജനകഭൂപാലകനുള്ളിൽ മോദം.
ത്വരിതം ദശരഥക്ഷിതിപാലകനെയും
ഭരതാദികളെയും വരുത്തിസ്സകൌതുകം
ശ്രീമാനാം വിദേഹഭൂപാലകൻ ഗുണാഢ്യരാം
രാമാദിനാലുപേൎക്കും ചെയ്തിതു കന്യാദാനം.
സീതയെ ശ്രീരാമനു നൽകിനാനൂൎമ്മിളയെ
ചേതസിൽ പ്രീതിയോടും ലക്ഷ്മണനേകീടിനാൻ;
മതിമാൻ ഭരതനു നൽകിനാൻ മാണ്ഡവിയെ
ശ്രുതകീൎത്തിയെപ്പിന്നെയാമോടൊത്തു ശത്രുഘ്നനും.
ശുദ്ധിവന്നീടാൻ യാഗഭൂമിയെയുഴുതപ്പോൾ
സിദ്ധിച്ചകന്യാരത്നമാകുന്നു സീതാദേവി;
ഔരസസംഭൂതയാണൂൎമ്മിള മറ്റെരണ്ടു-
പേരും തൽഭ്രാതാവിന്റെ നന്ദിനിമാരാകുന്നു.
മുഗ്ദ്ധാപാംഗികളായ പത്നിമാരെയും കൂട്ടി
വൃദ്ധനാം താതനോടുമൊന്നിച്ചു കുമാരന്മാർ
സംപ്രമോദമയോദ്ധ്യക്കു യാത്രചെയ്തിതുതദാ
ജാമദഗ്ന്യനെ മാൎഗ്ഗമദ്ധ്യത്തിൽവെച്ചു കണ്ടു;
ഭഗവാൻ രാമചന്ദ്രൻ തൽഗ്ഗൎവ്വം ശമിപ്പിച്ചു
സുഖമായവർ പിന്നെ സ്വപുരം സമ്പ്രാപിച്ചു.
ഭൂമീന്ദ്രൻ നിജമന്ത്രിമാരുമായാലോചിച്ചു
രാമനെ രാജാവാക്കി വാഴിപ്പാൻ നിശ്ചയിച്ചു.

അക്കാൎയ്യം നിൎല്ലജ്ജരന്മാരറിഞ്ഞുവിഷാദിച്ചു;
ചിക്കന്നായഭിഷേകം മുടക്കാനുത്സാഹിച്ചു
ഉൾത്തിങ്ങും സ്നേഹമപ്പോൾ കൈകേയി വിസ്മരിച്ചു
സത്യസന്ധനാം മഹീനാഥനെ നിൎബ്ബന്ധിച്ചു
പതിന്നാലാണ്ടു കാട്ടിൽപ്പോക്കേണം രാമനെന്നും
ക്ഷിതിയെ ഭരതന്നു നൽകേണമിപ്പോളെന്നും
ചോദിച്ചു പുരാദത്തമാകിയ വരദ്വയം
ഖേദിച്ചുകൊണ്ടു ഭൂപൻ സമ്മതിക്കയുംചെയ്തു.
തൽക്ഷണം നിജരാജ്യം കൈവിട്ടു രാമചന്ദ്രൻ
ലക്ഷ്മണനോടും ധരാനന്ദിനിയോടുംകൂടി
ഭക്തിയോടച്ഛനേയും മാതാവിനേയും മുനി-
മുഖ്യനാം ഗുരുവരൻതന്നെയും കൂപ്പിപ്പിന്നെ
മാനസതാരിൽപ്പരാശക്തിയെ ധ്യാനിച്ചുടൻ
കാനനവാസത്തിന്നു രാഘവൻ പുറപ്പെട്ടു.
ശുക്ലപക്ഷത്തിലുള്ളതാകിയ ദശമിയാം
പക്കമൊണന്നേട്ടിനം നക്ഷത്രം പുഷ്യമല്ലോ.
അരണ്യത്തിന്നു രാമൻ പുറപ്പെട്ടപ്പോൾ ദുഃഖം
പൊറുക്കാതവനീന്ദ്രൻ കരഞ്ഞാനതിമാത്രം.
ജനകാത്മജയോടും ലക്ഷ്മണനോടുമൊന്നി-
ച്ചനഘൻ ഘനശ്യാമൻ ശ്രീരാമൻ രഘൂത്തമൻ
ധീമാനാം സുമന്ത്രനാൽ നീതമാം രഥമേറി-
സ്സാമോദം നഗരത്തിൽ നിന്നാശു നിൎഗ്ഗമിച്ചു.
പാരിച്ചദുഃഖത്തോടും പൌരന്മാരെല്ലാവരുമ-
ത്തേരിന്റെ പിമ്പേ പാരംകേണുകൊണ്ടോടിച്ചെന്നു
ചിക്കനെ ശൃംഗിവേരംപ്രാപിച്ചു പൌരന്മാരെ-
യൊക്കെയും ത്യജിച്ചിട്ടക്കാകുത്സ്ഥനനന്തരം

തിരിച്ചു രഥത്തോടുമയച്ചു സുമന്ത്രനെ
ധരിച്ചു തത്ര രാമൻ ജടയെസ്സലക്ഷ്മണൻ.
മങ്ങാതെ മൂന്നുപേരും പിന്നെത്തോണിയിൽക്കേറി-
ഗ്ഗംഗയെക്കടന്നുടൻ ഭരദ്വാജനെക്കണ്ടു.
കൂട്ടം കൌതുകമോടുമെന്നതിൻശേഷം ചിത്ര-
കൂടപർവ്വതം പ്രാപിച്ചങ്ങവർ വാണു സുഖം.
കാട്ടിലായ് രാമനെന്നു സുമന്ത്രൻ ചെന്നു ചൊല്ലി-
ക്കേട്ടപ്പോളാർത്തൻ നൃപൻ വെടിഞ്ഞു പ്രാണങ്ങളെ.
ഉത്തമൻ ഭരതൻ തൻ മാതുലാലയത്തിൽനി-
ന്നെത്തിയുരുതാപത്തോടും ഭത്സിച്ചു മാതാവിനെ
ശവസംസ്കാരം ചെയ്തു പിണ്ഡവും വെച്ചു പൌര-
നിവഹത്തോടും മന്ത്രിമാരോടും സഹാനുജൻ
ചിത്രകൂടത്തിൽച്ചെന്നു രാമനെസ്സന്ദർശിച്ചു
വർത്തമാനങ്ങളെല്ലാമറിയിച്ചതിൻശേഷം
'വരണം രാജ്യത്തേയ്ക്കു ഞങ്ങളെക്കനിഞ്ഞിനി-
ബ്ഭരണം ചെയ്യേണ'മെന്നർത്ഥിച്ചാനതിമാത്രം.
അതിനെ ശ്രീരാഘവൻ സമ്മതിച്ചില്ല 'കാട്ടിൽ
പതിന്നാലാണ്ടു പാർത്തിട്ടാശ്ശു ഞാൻ വന്നു ചേരാം'
പൈതൃകം വാത്സല്യത്തോടീവണ്ണമെല്ലാമോരോ-
ന്നരുൾചെയ്താശ്വസിപ്പിച്ചയച്ചു ഭരതനെ.
നന്ദിഗ്രാമത്തിലെത്തിബ്ഭരതൻ ശത്രുഘ്നനോ-
ടൊന്നിച്ചു തത്ര പാർത്തു രാഘവൻ വരുവോളം
സ്വീകരിച്ചതേയില്ല രാജഭോഗങ്ങളൊന്നും
കൈകേയീസുതൻ വെറുന്നിലത്തു കിടന്നിതു
ജടയും ധരിച്ചുകൊണ്ടെപ്പോഴും ജ്യേഷ്ഠൻ തിരു-
വടിയിങ്ങെപ്പോളെത്തുമെന്നുള്ള ചിന്തയോടും

മാസവുംദിവസവും വർഷവുമെണ്ണിക്കൊണ്ടു
വാസംചെയ്തിതു സർവ്വസൽഗുണപരിപൂർണ്ണൻ.
ശ്രീരാമൻ ദേവകാര്യ്യസിദ്ധിക്കവേണ്ടിപ്പിന്നെ
ഘോരമായുള്ള ദണ്ഡകാരണ്യം സമ്പ്രാപിച്ചാൻ.
കൊന്നിതുവിരാധനാം ദുഷ്ടനെത്തത്രരക്ഷോ-
വൃന്ദമൊത്തമുടിക്കവാനേതാന്തം കാലംവാണാൻ.
പക്ഷ്മളാക്ഷിയാം വിദേഹാത്മജയോടുംമുദാ
ലക്ഷ്മണനോടുംകൂടി ശ്രീരാമൻ രഘൂത്തമൻ
പാർത്തിതാശ്രമം പഞ്ചവടിയിൽ ഭംഗിയായി
ത്തീർത്തിട്ടായതിൽച്ചെന്നു രാക്ഷസി ശൂർപ്പണഖാ
കാമരൂപിണിയവൾ കോമളാകാരനായ
രാമനെ ഭർത്താവാക്കാനിച്ഛിച്ചു കാമാതുര.
ജ്യേഷ്ഠാനുവാദത്തോടു ലക്ഷ്മണൻ ഖഡ്ഗംകൊണ്ടു-
ദുഷ്ടതൻ കർണ്ണങ്ങളും നാസയും ഛേദിച്ചിതു.
രോദനംചെയ്തു പാരം ഖരദൂഷണന്മാരാം
ഭ്രാതാക്കന്മാരെക്കണ്ടാരാക്ഷസിചൊന്നാളേവം:—
'ഇക്കാലം ദണ്ഡകാരണ്യത്തിൽ വന്നിരിക്കുന്നു
ചൊൽക്കൊള്ളുമയോദ്ധ്യാപാലകൻ ശ്രീമാൻരാമൻ.
അനുജൻ സൌമിത്രിയും അവന്റെ പത്നിയായ
ജനകക്ഷോണീന്ദ്രന്റെ പുത്രി [illegible]
ദേവനാരികൾക്കില്ലായവൾക്കുള്ള [illegible]
ലാവണ്യമെന്നുള്ളതിനില്ലൊരു സംശയമേതും.
അംഗനാമണിയവൾ പത്നിയായ് ഭവിക്കേണം
നിങ്ങളിലൊരാൾക്കെങ്കിലുമെന്നുള്ളിൽ നിരൂപിച്ചു
ഇങ്ങോട്ടയ്ക്കവളെ ഞാൻ കൊണ്ടുപോരുന്നതിന്നാ-
യങ്ങുചെന്നപ്പോൾ ജ്യേഷ്ഠൻ ചൊല്ലുകയാൽ സ[illegible]

രണ്ടുകണ്ണുകളേയും നാസികയേയും ഖഡ്ഗം-
കൊണ്ടുടൻ ഛേദിച്ചെന്നെയീവണ്ണമാക്കിവിട്ടു.'
നിറഞ്ഞ ദുഃഖത്തോടും കരഞ്ഞായവളേവം
പറഞ്ഞീടിന നേരം ഖരനും ദൂഷണനും
പാരിച്ചകോപത്തോടും ശൂരന്മാരായരാത്രി-
ഞ്ചാരികൾപതിനാലായിരവുംപുറപ്പെട്ടു
ചെന്നുടൻശ്രീരാമനോടെതിൎത്താരവരെല്ലാം
കൊന്നൊടുക്കിനാൻ രാമൻ സത്വരമെല്ലാരെയും.
ലങ്കയിൽചെന്നുവേഗം വൃത്താന്തംമുഴുവനും
സങ്കടത്തോടുംദശകണ്ഠനോടവൾചൊന്നാൾ.
ജാനകീമനോഹരിയെന്നവൾ ചൊൽകമൂലം
മീനകേതനബാധ വൎദ്ധിച്ചു ദശാനനൻ
കുറച്ചുംവൈകാതെയദ്ധരിത്രീസുതയെ ഞാൻ
ഹരിക്കുന്നുണ്ടെന്നുള്ളിലുറച്ചു ദുരാശയൻ
താടകാസുതനായമാരീചനോടുംകൂടി-
ക്കാടകംസംപ്രാപിച്ചു സീതയെക്കട്ടിടുവാൻ.
ശ്രീരാമനെന്നെയിപ്പോൾ കൊല്ലുമെന്നിപ്രകാരം
മാരീചൻ മനക്കാമ്പിലാലോചിച്ചുറച്ചുടൻ
പൊന്മാനായ്ഭവിച്ചിട്ടുരാമനെബ്ബഹുദൂരെ-
ത്തന്മായയാലെവേഗവത്താലാക്കിനാൻ ചിക്കനാമഹോ.
ശരമൊന്നനന്തരംശ്രീരാമനെയ്താൻ നിശാ-
ചരനായതുകൊണ്ടു ഭൂപൃഷ്ഠത്തിങ്കൽവീണു.
വീഴുമ്പോളവനയ്യോ ലക്ഷ്മണ! യെന്നുചൊന്നാൻ;
കേഴുന്നഘനരാമനെന്നോൎത്തു സീതയുമപ്പോൾ
സീമകൈവിട്ടദുഃഖത്തോടുമസ്സൌമിത്രിയെ
രാമന്റെതൻസമീപത്തെയ്ക്കയച്ചാളതിദ്രുതം.

തക്കമുണ്ടിപ്പോൾ കക്കാനെന്നോൎത്തു ദശാനൻ
ചിക്കന്നു ചെന്നു ധാത്രീപുത്രിയെ ഹരിച്ചിതു.
ദേവിതൻമൂൎത്ത്യന്തരമാകുമക്കമലയെ
രാവണൻ ബലാൽച്ചെന്നു കയ്ക്കലാക്കിയനേരം
പെട്ടന്നു ഭസ്മമാക്കാൻ ശക്തയാണെന്നാലുമ-
ദൃഷ്ടമെന്നവപ്രകാരം ചെയ്തീല സുരേശ്വരി.
രാവണൻ സദാകാലം സേവിക്കുന്നിതുമഹാ-
ദേവിയെക്കമലയാം ദേവിയുമൊന്നല്ലയോ?
സീതയെ ബ്ബലാൽ കയ്ക്കലാക്കിക്കൊണ്ടോടിപ്പോകും
യാതുധാനേന്ദ്രനായ പംക്തികണ്ഠനെക്കണ്ടു
തൽക്ഷണം വൎദ്ധിച്ചുള്ളൊരു ഘോരമാം ക്രോധത്തോടുകൂടി
പക്ഷീന്ദ്രൻ ജടായുവും ചെന്നു ഘോരം യുദ്ധം ചെയ്തു.
പക്ഷിപുംഗവനെയാരക്ഷോനായകനപ്പോൾ
പക്ഷങ്ങൾ രണ്ടും ഛേദിച്ചിക്ഷിതിതന്നിൽ വീഴ്ത്തി.
രാത്രിയിൽപ്പിന്നെ രാത്രിഞ്ചരനായകൻ ധാത്രീ
പുത്രിയാം വൈദേഹിയെ ലങ്കയിൽക്കൊണ്ടുപോയി
മിഴികൾക്കതിമാത്രമാനന്ദമേകുന്ന ന-
ല്ലഴകുള്ള ശോകകാന്താരത്തിലിരുത്തിനാൻ.
സുതരാം ജ്വലിക്കുന്ന തീപ്പോലെ വിളങ്ങുമ-
സ്സതിയെ ദ്ദശാനനൻ ധൎഷിപ്പാനാളായീലാ.
രാവണനാശത്തിനു ഹേതുവായുള്ള സീതാ-
ദേവിയീവണ്ണം ലങ്കാപുരിയിൽ വന്നുചേൎന്നു.
ലങ്കേശനെല്ലായ്പ്പോഴും വിജയം നൽകിക്കൊണ്ടു
ലങ്കയിൽ വാഴും മഹാദേവിയാം ലങ്കേശ്വരി
സീതയെന്നെത്തിയപ്പോൾ വിട്ടന്നന്തൎദ്ധാനം
ചെയ്തീടുന്നതിനുടൻ തിരുവുള്ളത്തിലോൎത്താൾ.

ശ്രീരാമൻധനുർജ്ഞാനൻമാരീചൻതന്നെക്കൊന്നു
പോരുമ്പോൾകണ്ടിതുള്ളംദൂരത്താഗതനായ്സൌമിത്രിയെ.
രണ്ടാളുംകൂടിപ്പർണ്ണശാലയിൽചെന്നിതപ്പോൾ
തണ്ടാർമാനിനിയായസീതയെക്കാണായ്കയാൽ
നിറഞ്ഞുദുഃഖമുള്ളിൽക്കരഞ്ഞുകണ്ണീർപാരം
ചൊരിഞ്ഞുപലേടത്തുംതിരഞ്ഞുശ്രീരാഘവൻ.
ലക്ഷ്മണനോടുമേവംസഞ്ചരിച്ചീടുംനേരം
പക്ഷമററുള്ളപക്ഷിശ്രേഷ്ഠനെപ്പൃഥ്വികണ്ടു.
സീതയെക്കവർന്നവനെന്നുള്ളശങ്കാമൂലം
ചേതസ്സിലാലോചിച്ചിതവനെക്കൊന്നീടുവാൻ.
താതൻറചങ്ങാതിയാണെന്നുടനറിഞ്ഞേറെ
പ്രീതിയോടടുത്തുപോയ്ബഹുമാനിച്ചുരാമൻ.
യാതുധാനേന്ദ്രൻദുഷ്ടൻരാവണൻദശാനനൻ
സീതയെക്കൊണ്ടുപോയവൃത്താന്തംചൊന്നാനവൻ.
തദനന്തരംദേഹംവെടിഞ്ഞുരാമൻകാണ്കെ
ത്രിദിവം[illegible]പ്രാപിച്ചുവിമലൻപക്ഷിശ്രേഷ്ഠൻ.
ലക്ഷ്മീ[illegible]ലക്ഷ്മണനോടുകൂടി
പക്ഷി[illegible]തൽക്ഷണംദഹിപ്പിച്ചു.
ദുഷ്ടനാംകബന്ധനെനിഗ്രഹിച്ചിട്ടുപിന്നെ
വിഷ്ടപനാഥൻ[illegible]പ്രാപിച്ചിതൃശ്യമൂകം.
ബാലിയെബ്ഭയപ്പെട്ടുസുഗ്രീവൻസൂര്യാത്മജൻ
നാലുമന്ത്രികളോടുംപാർക്കുന്നതത്രനിത്യം.
മർക്കടശ്രേഷ്ഠനാംസുഗ്രീവനുള്ളമന്ത്രി-
മുഖ്യനായ്മരുവുന്ന[illegible]വായുപുത്രൻ.
അർക്കവംശാംബുജ[illegible]ന്ദുവാകംരാമ-
നക്കണ്ടനേരം[illegible]ചെയ്തിട്ടുപിന്നെ

ശക്രനന്ദനനായബാലിയെനിഗ്രഹിച്ചു
കിഷ്കിന്ധയ്ക്കധിപനായ്‌വാഴിച്ചുസുഗ്രീവനെ.
വസിഷ്ഠപ്രിയശിഷ്യൻശ്രീരാമൻസഹാനുജൻ
വസിച്ചുമാല്യവാനിൽക്കഴിച്ചുമഴക്കാലം.
മയ്ക്കണ്ണീമണിയായസീതയെത്തേടാൻനാലു
ദിക്കിലുംപിന്നെക്കപിസൈന്യത്തെയയച്ചിതു.
അംഗദൻശ്രീഹനുമാൻജാംബവാൻമുതലായി
ത്തുംഗവിക്രമന്മാരായുള്ളവരെല്ലാവരും
തെക്കോട്ടുതേടിപ്പോയോരായവർസമ്പാതിതൻ
വാക്യത്താലിന്നദിക്കിൽസ്സീതയുണ്ടെന്നറിഞ്ഞു.
ഉടനാമക്കാടൌഘമുഗ്രമാംകടൽ കട-
ന്നിടുവാൻമിടുക്കാർക്കെന്നേവരാലോചിച്ചു.
മാരുതാത്മജൻ പിന്നെ ജാംബവാൻ പറകയാൽ
വാരിരാശിയെച്ചാടിക്കടന്നാക്കില്ലെന്നിയെ
ലങ്കയിൽസന്ധ്യയ്ക്കെത്തിപ്പട്ടണംമുഴുവനും
ശങ്കയെന്നിയേരാത്രിയായപ്പോഴുംസഞ്ചരിച്ചു.
ഹനുമാനേഴുരാത്രിമുഴുവൻശ്രദ്ധയോടും
ജനകാത്മജയായദേവിയെത്തേടീടിനാൻ;
പിന്നെയശോകകാന്താരത്തിൻമദ്ധ്യത്തിൽ വെ-
ച്ചിന്ദുബിംബാസ്യയായദേവിയെസ്സന്ദർശിച്ചാൻ.
ആരാലുമൊരിക്കലുംസാധിക്കാത്തുള്ളകാര്യം
മാരുതാത്മജനായഹനുമാൻചെയ്തുപിന്നെ
പരദേവതപണ്ടുകൈലാസത്തിങ്കൽവെച്ചു
ഗുരുകാരുണ്യമോടുമരുളിച്ചെയ്തസ്തോത്രാൻ.
അത്ഭുതംമഹാദേവീമന്ദിരമെവിടെയെ-
ന്നപ്പദേശങ്ങളെല്ലാംവൃക്ഷത്തിൽനിന്നുനോക്കി

രുചിരംശുദ്ധഹേമരചിതംദിവ്യരത്ന-
ഖചിതംമഹാദേവീസദനംകണ്ടാൻതദാ.
തദഗ്രത്തിങ്കൽസ്സിംഹധ്വജംകണ്ടിട്ടുദേവീ
സദനംതന്നെയെന്നുഹനുമാൻനിശ്ചയിച്ചു.
പാരിച്ചമോദത്തോടുംവേഗത്തിൽതന്മന്ദിര-
ദ്വാരംപ്രാപിച്ചുമഹാദേവിയെസ്സന്ദർശിച്ചു.
യോഗിനീഗണത്തോടുകളിച്ചുംചിരിച്ചുമാ
ലോകമാതാവുതത്ര സംശോഭിക്കുന്നപാരം.
വന്ദനംചെയ്തുഭക്ത്യാദേവിയെപ്പവമാന-
നന്ദനനൃത്തമനീവണ്ണമുണർത്തിനാൻ:—
'പരദേവതേ! പ്രസാദിക്കനീ വിശേഷശാലി!
വരദേ! ശ്രീരാമന്റെദൂതനാംഹനുമാൻഞാൻ;
കമലാലയയായസീതയെയന്വേഷിപ്പാൻ
വിമലേ! വിശ്വനാഥേ! സാമ്പ്രതമത്രവന്നേൻ.
വിഷ്ടപത്രയനാഥേ! പണ്ടുനീകല്പിച്ചില്ലേ
ദുഷ്ടനാംദശാസ്യനെസ്സകുലംവധിക്കുവാൻ?
ശ്രീനാരായണനിപ്പോളെന്നതുനിമിത്തമായ്
മാനുഷനായിജ്ജനിച്ചീടിനാൻമഹീതലേ.
രാമനെസ്സഹായിപ്പാൻവാനരാകാരനായി
ശ്രീമഹാദേവി! ജനിച്ചീടിനേനഹോ ശിവൻ.
ഞാനിങ്ങെത്തിയാലാശുലങ്കയെത്യജിക്കാമെ-
ന്നാനന്ദസ്വരൂപിണി! പണ്ടുനീയുരചെയ്തു.
ഘോരനാംദശാസ്യനെക്കൊത്തുപോരുംശിവേ!
പാരിടംരക്ഷിപ്പാനിദ്ദുഷ്ടനെക്കൊന്നീടണം.'
ഹനുമാനേവം ദേവിയരുളിച്ചെയ്തിതപ്പോ-
'ളനഘ! നീകഥിക്കുംപോലെഞാൻ ചെയ്യാമല്ലോ.

സീതയെക്കൊണ്ടുവന്നുവെച്ചനാൾമുതൽക്കുഞാൻ
ചേതസ്സിൽക്കരുതുന്നേൻ ലങ്കയെത്യജിക്കുവാൻ.
ഇന്നോളം താമസിച്ചേൻ നീവന്നു ചൊല്ലീടേണ-
മെന്നു വച്ചധുനാഞാൻ ലങ്കയെ ത്യജിക്കുന്നേൻ.'
ഇത്തരമരുൾചെയ്തു മാരുതിനോക്കിനിൽക്കെ
സത്വരം ഭഗവതിമറഞ്ഞു മഹേശ്വരി.
ആ രാമദൂതൻ പിന്നെയാതുധാനേന്ദ്രനുള്ളൊ-
രാരാമം മുഴുവനും തകൎത്തുതുടങ്ങിനാൻ.
അതുകേട്ടതിമാത്രം കോപിച്ചുദശാനനൻ
ദ്രുതമക്കുരങ്ങനെക്കൊല്ലുവിനെന്നുചൊല്ലി
രജനീചരവീരന്മാരായ പലരെയും
നിജനന്ദനനാകുമക്ഷനെന്നവനെയും
അയച്ചുയുദ്ധംചെയ്യാനവരെസ്സർവ്വരേയു-
മയച്ചു യമഗേഹത്തിന്നുടൻ വായുപുത്രൻ
അത്യന്തംപ്രതാപവാൻ ദശകണ്ഠന്റെ പുത്രൻ
യുദ്ധത്തിന്നൊരുങ്ങിനാൻ സത്വരം മേഘനാദൻ
ബന്ധിച്ചു നാഗപാശം കൊണ്ടവൻ ഹനുമാനെ
പംക്തികണ്ഠാന്തികത്തിൽക്കൊണ്ടുപോയാക്കീടിനാൻ.
കൊല്ലുവാനൊരുങ്ങിനാൻ രാവണൻ ഹനുമാനെ
നല്ലതല്ലിതെന്നപ്പോൾ തടുത്തുവിഭീഷണൻ.
ചിക്കന്നു വിരൂപനെന്നാക്കേണമിവനെയെ-
ന്നകക്കാമ്പിൽ നിരൂപിച്ചു ദശകന്ധരൻതദാ
വാലിന്മേൽ വസ്ത്രം ചുററി വഹ്നിയെക്കൊളുത്തിനാൻ
മാലകന്നുള്ളനേരം ഹനുമാൻ മഹാവീരൻ
ലങ്കയെല്ലൊട്ടു വെണ്ണീറാക്കിയത്തീക്കൊണ്ടുതാൻ
വൻകടൽ ചാടിക്കടന്നക്കരെപ്പുക്കു പിന്നെ

അംഗദാദികളോടുമൊന്നിച്ചു തദാകപി-
പുംഗവന്മാരെല്ലാരുമേററവും സന്തോഷിച്ചു.
അഞ്ജസാസുഗ്രീവൻെറയെല്ലഴംമധുവനം
ഭഞ്ജിച്ചുരാഘവൻെറ സന്നിധിതന്നിൽച്ചെന്നു.
'ഹനുമൻ! കണ്ടീലയോജനകാത്മജയെ'യെ-
ന്നനഘൻ ശ്രീരാഘവൻ കണ്ടുടൻ ചോദ്യംചെയ്താൻ.
സീതയെദ്ദർശിച്ചതും ലങ്കയെക്കത്തിച്ചതും
യാതുധാനന്മാർ തത്ര പലരും മരിച്ചതും
ലങ്കയെപ്പരിത്യജിച്ചീശപരിഗമിച്ചതും
സങ്കടത്തോടും ധരാനന്ദിനികഥിച്ചതും
വിവരിച്ചെല്ലാം ചൊല്ലിക്കേൾപ്പിച്ചുമരുൽസുതൻ;
സുവരൻ ശ്രീരാഘവൻ തെളിഞ്ഞു രാമചന്ദ്രൻ.
ശ്രാവണമാസത്തിങ്കൽ വെളുത്തദശമിക്കാ-
രാവണനിഗ്രഹത്തിന്നൊരുങ്ങിപ്പുറപ്പെട്ടു;
ലക്ഷ്മണാനചിതൻ രാമൻ കപിസൈന്യങ്ങളോടും
ദക്ഷിണാംബുധിയുടെ തീരത്തുചെന്നുവാണു.
പംക്തികന്ധരനായ രാവണൻതദാസഭ്-
മന്ത്രിമാരോടുംക്രൂരികാര്യങ്ങളാലോചിച്ചാൻ.
ബുദ്ധിമാൻ വിഭീഷണൻ ചൊല്ലിനാനപ്പോളേവം:—
'യുദ്ധത്തിന്നൊരുങ്ങേണ്ട നശിക്കും വംശമെന്നാൽ
സീതയെക്കാകുൽസ്ഥന്നു സാദരം നൽകീടേണം
യാതുധാനേന്ദ്ര! രാമൻ കേവലം മർത്ത്യനല്ല.'
ഈവിധം വിഭീഷണൻ രാമനെ പ്രശംസിച്ചു;
രാവണനതുകേട്ടു കോപാന്ധനായിത്തീർന്നു.
ഉത്ഥാനംചെയ്തു ചെട്ടെന്നെന്തെടാ! പറഞ്ഞതെ-
ന്നത്യുഗ്രമാകുംവണ്ണം ചൊല്ലിയദ്ദശാനനൻ

കൊട്ടത്താനൊരു ചവിട്ടയ്യ കൊണ്ടിനിഞാൻനി-
ന്നടുക്കൽപ്പാക്കുന്നില്ലെന്നരച്ച വിഭീഷണൻ
ധൎമ്മസചിവന്മാരായുള്ളിൽപ്പെരുകും കോപത്തോടും
നിൎമ്മലന്മാരാം നാലുമന്ത്രികളോടുംകൂടി
ചിക്കന്നഗ്രജനായ്യനെക്കൈവിട്ടു പുറപ്പെട്ടു
ഭക്തവത്സലനായ രാമനെസ്സമ്പ്രാപിച്ചു.
വിമലൻ വിഭീഷണൻശരണാഗതനെന്ന
ക്കമലേക്ഷണൻ സീതാരമണൻ ധരിച്ചുടൻ
സഖ്യംചെയ്യവനെയാലങ്കയ്ക്കുരാജാവാക്കി
മൎക്കടസംഘത്തോടൊത്തഭിഷേകവും ചെയ്തു.
സുഗ്രീവാദികളോടുമാലോചിച്ചതിമാത്ര-
മുഗ്രമാംസമുദ്രത്തിൽസ്സേതുക്കെട്ടാരംഭിച്ചു.
പൂൎണ്ണമായ് സേതുബന്ധംശ്രാവണമാസത്തിലെ
പ്പൌൎണ്ണമികഴിയുവാനുണ്ടപ്പോൾരണ്ടുയാമം.
സേതുബന്ധിച്ചപാരാവാരത്തിലെന്നറിഞ്ഞു
ഭീതനായ് ദശാനനൻവിറച്ചുസമ്മോഹിച്ചു.
ലക്ഷ്മണനോടും കോടിലക്ഷം വാനരരോടും
രക്ഷോനാഥന്റെരാജ്യംപ്രാപിച്ചുരാമചന്ദ്രൻ.
ലങ്കയേ വളഞ്ഞു നിശ്ശങ്കമാവലീമുഖ-
സംഘം, സംഗരത്തിന്നു കോപ്പിട്ടുദശാസ്യനും.
രാജീവനേത്രൻരാമനോതിനാ ന്നേരംദേവീ-
പൂജയെക്കഴിയ്ക്കാതെ യുദ്ധത്തിന്നൊ... ...
ദേവിയെപ്പൂജിക്കാതെ വൈരിയെ ജ്ജയിക്കവാ-
നാവില്ലവൈരിയേററംനിസ്സാരനായാൽപോലും;
നിദ്രിതാമഹാദേവി ദക്ഷിണായനത്തിങ്ക-
ലദ്യതാനകാലത്തിലെ...ൎണ്ണ...

പരദേവതയോത്താൽപിതൃരൂപിണിയാണ-
സ്സുരപൂജിതയാകൊന്നാരാധികയന്നേ തഥാ.
ശ്രീരംഗേ ശ്രീകൃഷ്ണനാം പക്ഷമദ്ധ്യപക്ഷത്തിങ്കൽ-
ക്കാരുണ്യാലയാംദേവീപിതൃരൂപിണിയത്രേ.
പ്രതിപത്തിഥിയാണിന്നാകയാലിന്നേദ്ദിനം
മുതൽത്തൊട്ടമാവാസിപര്യന്തം ദിനന്തോറും
പിതൃരൂപയായ്സനാതനിയായ്സദാജയ-
പ്രദയായ്വിളങ്ങുമത്രിജഗജ്ജനനിയെ
പാർവ്വണവിധിപോലെസമ്പൂജിച്ചനന്തരം
ക്രവ്യാദേശപരനോടുസംഗരം ചെയ്തുകൊള്ളാം.
ഇങ്ങിനെചെയ്തുവെങ്കിലീശാപതിപ്രസാദത്താൽ
സംഗരത്തിങ്കൽജയമിങ്ങുവന്നീടും നൂനം.
ഇത്തരം നിരൂപിച്ചുനിശ്ചയിച്ചനന്തരം-
മുത്തമോത്തമൻരാമൻലക്ഷ്മണനോടുചൊന്നാൻ:—
‘പാർവ്വണശ്രാദ്ധംയഥാവിധിഞാൻവത്സ! ഭക്തി-
പൂർവ്വംചെയ്യേണമെന്നു നിശ്ചയിച്ചിരിക്കുന്നു;
ഞാനതുശരിയായിച്ചെയ്തതിൻശേഷം യാതു
ധാനപുംഗവനോടു സംഗരംചെയ്തുകൊള്ളാം.’
മാനവശ്രേഷ്ഠനോടസ്സൌമിത്രിതാനും സർവ്വ
വാനരന്മാരുംതദാവണങ്ങിച്ചൊല്ലീടിനാർ:—
‘നന്നുനിന്തിരുവടിപൂജിക്കുപിതൃക്കളെ-
സ്സന്ദേഹമില്ലജയംവന്നീടുംനമുക്കെന്നാൽ.’
എല്ലാരുമൊന്നുപോലെസ്സമ്മതിച്ചുരച്ചയാൽ
കല്യാണാലയൻരാമനേററവും സന്തോഷിച്ചു.
ദേവിയെസ്സംസ്മരിച്ചുപാർവ്വണശ്രാദ്ധംരാമ-
ദേവനന്നുഭക്തിയോടുംചെയ്തിതുവിധിപോലെ,

അത്യന്തംഘോരമായസംഗ്രാമമന്നേദ്ദിനം
മദ്ധ്യാഹ്നത്തിന്നശേഷംചെയ്യുവാനാരംഭിച്ചു.
പണ്ടൊരിക്കലുമേവമുണ്ടായിട്ടില്ലമേലാ-
ലുണ്ടാകുന്നതുമല്ലന്ത്രനമെന്നെല്ലാവരും
കൊണ്ടാടത്തക്കവണ്ണംരാമനാശാപംക്തി-
കണ്ഠനുമേഴുകാലംപോരിന്നാവട്ടംകൂട്ടി.
യുദ്ധത്തിനാകുമ്പനൻപാരിച്ചസൈന്യത്തോടു-
മെത്തിനാനൊന്നാംദിനംരാവണൻകല്പിക്കയാൽ.
പോരിലില്ലവനോടുനേരിടാനാരുംമഹാ-
വീരനാണെന്നുള്ളൊരു പേരുകേട്ടവനവൻ.
അന്നവനേയുമക്ഷൗഹിണിയാം പടയേയും
കൊന്നിതുരുക്രോധത്തോടും യുദ്ധത്തിൽവാതാത്മജൻ.
ഈവണ്ണംശ്രാദ്ധംകഴിച്ചനന്തരംശ്രീരാഘവൻ
ദേവിയെപ്രസാദിപ്പിച്ചൊടുക്കിദ്ദുഷ്ടന്മാരെ.
നാലംഗപ്പടയോടുധൂമ്രാക്ഷൻ പിറ്റേദിനം
പൌലസ്ത്യാത്മജനായരാവണൻകല്പിക്കയാൽ
ചെന്നേറബ്ഭയങ്കരമായുള്ളയുദ്ധംചെയ്താൻ
കൊന്നിതക്രവ്യാദനെശ്രീരാമചന്ദ്രൻതന്നെ.
മലകൾക്കെതിരാകുംപലലാശികളേവം
പലരുംമരിക്കുമ്പോൾവളരുംകോപത്തോടും
യാതുധാനേന്ദ്രൻതന്റെമാതുലൻവിശപത്തിൽവി-
ഖ്യാതനായതിഘോരൻപ്രഹസ്തൻപുറപ്പെട്ടു.
അവനോടുള്ളയുദ്ധംരാത്രിയിലായിരുന്നു
ഭുവനങ്ങളിലാശ്ചര്യപ്പെടിക്കാത്തവരില്ലാ.
സമരംകണ്ടുനിന്നാസ്സമയംതന്നാദംകേ-
ട്ടമരപ്രവരർസംഭ്രമമാർന്നോടിപ്പോയാർ.

യാമിനീചരവീരനാകുമ്മേഘനാദനെയാ-
യാമിനിയിങ്കൽഘോരയുദ്ധത്തിൽക്കൊന്നുരാമൻ.
മാതുലൻമൃതനായവൃത്താന്തംകേട്ടനേരം
രോദനംചെയ്തുപാരമാശരകുലേശ്വരൻ.
താതനെപ്പുറഞ്ഞേറ്റമാശ്വസിപ്പിച്ചുമേഘ-
നാദനൻക്രോധത്തോടുമന്നേരംപുറപ്പെട്ടു.
ചിന്തിക്കാതിരിക്കയാരാത്രിയിൽചെന്നിട്ടവ-
നന്തരീക്ഷത്തിൽനിന്നുസുഗ്രീവാദികളെയും
ശ്രീരാമചന്ദ്രനേയും ലക്ഷ്മണനേയുംപാരം
ഘോരമാംനാഗപാശംകൊണ്ടുടൻ കെട്ടീടിനാൻ.
രാവണാത്മജനവൻരാവണനോടുതുല്യ-
ശീവന്നമെല്ലാരെയും മായയാമോഹിപ്പിച്ചാൻ.
യാമിനിപോക മുമ്പേസംഭ്രമത്തോടുംചെന്നു
രാമനേറബാധകേട്ടുതീർത്തിതാവിഭീഷണൻ.
...ഭക്തിയോടും ത്വരിതംരാമചന്ദ്രൻ
പരദേവതയെന്നുള്ളിൽക്കരുതിനാൻ.
താർക്ഷ്യനങ്ങുടൻവന്നു നാഗപാശത്തെയെല്ലാം
ഭക്ഷിച്ചുനിഖിലരും സ്വസ്ഥന്മാരായിവന്നു.
വൃത്താന്തംപുലർച്ചയ്ക്കു രാവണൻകേട്ടുപാരം
വർദ്ധിച്ചകോപത്തോടുംതാൻതന്നെപുറപ്പെട്ടു.
അന്തകോപമനായപംക്തികണ്ഠനെക്കണ്ടു
ഹന്ത പേടിച്ചുപാരം സർവ്വവാനരന്മാരും
നേരിട്ടുയുദ്ധംചെയ്തു രാമനും ദശാസ്യനും
ദാരുണം യുദ്ധമായതെങ്ങിനെ വർണ്ണിക്കുന്നു,
പതിനായിരംകോടിരാക്ഷസന്മാരെസ്സീതാ-
പതിയായുദ്ധത്തിലന്നവിടെക്കൊന്നുവീർത്തി.

കൌണപാധിപനായ പംക്തികണ്ഠനെപ്പാരം
ബാണങ്ങളെയ്തു രാമൻ മൂടിനാനന്നേരം.
അംഗദൻ വാതാത്മജൻ മുതലായവർ ശൈല-
ശൃംഗങ്ങളേയും മററമേററവുമെറിഞ്ഞുടൻ
തേരാളിമാരിലഗ്രഗണ്യനാം ദശാസ്യന്റെ
തേരേററത്തകർത്തിതു സൂതനും മരിച്ചിതു.
സോമാക്കതുല്യന്മാരായ് വിളങ്ങും രാഘവന്മാർ
സീമകൈവെടിഞ്ഞുള്ള ബാണങ്ങളെയ്തിതപ്പോൾ.
സ്യന്ദനനേമിസ്വനം ജ്യാനാദം സിംഹനാദ-
മുന്നതഗജവാജിബൃംഹിതമിത്യാദിയാൽ
പ്രളയകാലത്തിങ്കൽ സ്സംഭവിച്ചേക്കുമോയെ-
ന്നുലകിൽ പ്രാണികൾക്കു ശങ്ക വർദ്ധിച്ചുപാരം."
ആർത്തനായ് ദശാനനൻ പോരുമിപ്പോളിപ്പോളെ-
ന്നോർത്തുടൻ നിജഗൃഹം പ്രാപിച്ചു സസംഭ്രമം.
രാമനോടേററു തോററിട്ടാശരേശ്വരനേററ-
മാമയം കലർന്നുതൻ പാർപ്പിടം പ്രാപിച്ചുടൻ
തോൽക്കുകയെന്നതെന്തെന്നറിഞ്ഞിട്ടില്ലാത്ത ന-
ല്ലൂക്കനായുള്ള കുംഭകർണ്ണനെയുണർത്തിനാൻ
സാടോപമഞ്ചുലക്ഷംകോടി രാക്ഷസവീര-
രേട്ടമൊത്തധികമായ് ക്രുദ്ധരും ക്രോധത്തോടും
രാവണാനുജനവൻ യുദ്ധത്തിന്നൊരുങ്ങിനാൻ
ദേവന്മാരെല്ലാമപ്പോൾ പേടിച്ചു വിറച്ചിതു.
ഭീമവിക്രമൻ കുംഭകർണ്ണനന്നേരം ഘോരം
യാമിനീചരവീരന്മാരോടും കൂടിക്രുദ്ധാ
ചെന്നിതു യുദ്ധം ചെയ്‌വാൻ ഘോരമാം തന്നാദത്താൽ
മന്നിടം വിറച്ചു സംക്ഷോഭിച്ചു പാരാവാരം.

പേടിച്ചുവാനരന്മാരൊക്കയും വാലുംപൊങ്ങി-
ച്ചോടിനാർ നിമിഷമിന്നൊന്നില്ലാതതിദ്രുതം.
യുദ്ധത്തിന്നൊരുമ്പെട്ടു വന്നടുത്തെത്തിടിനോ-
രത്യന്തം ബലവാനാം കുംഭകർണ്ണനെക്കണ്ടു
കല്യാണപ്രദയായദേവിയെധ്യാനിച്ചാശു
ഫുല്ലാരവിന്ദവക്ത്രൻശ്രീരാമൻവില്ലേന്തിനാൻ.
മർക്കടന്മാരെത്തല്ലിക്കൊന്നും ഭക്ഷിച്ചുകൊണ്ടു-
മുക്കറയുംകുംഭകർണ്ണൻ രാവണസഹോദരൻ
കോദണ്ഡപാണിയായിക്കുസൽ കൂടാതെകണ്ടു
സോദരനൊത്തു വാഴും രാമന്റെ നേരെ ചെന്നു
കല്പാന്തകാലത്തിങ്കൽ മുപ്പാരും നടുങ്ങുമാ-
റഭ്രമെന്നതുപോലെ ക്ഷിപ്രമൊന്നലറിനാൻ.
ബ്രഹ്മാണ്ഡം മുഴുവനും ക്ഷോഭിക്കത്തക്കവണ്ണ-
മംബുജദളാക്ഷനും ജ്യാനാദംചെയ്താൻതദാ.
തദനന്തരം കുംഭകർണ്ണനും ശ്രീരാമനു-
മതിദാരുണമായ സംഗരം തമ്മിൽചെയ്തു.
അമരന്മാരോടപ്പോൾ മർക്കടശ്രേഷ്ഠന്മാരു-
മാശുപോരാരംഭിച്ചുവിറച്ചു ലോകമെല്ലാം.
ജിഷ്ണുമുഖ്യാമരൌഘവന്ദ്യൻ ശ്രീരാമചന്ദ്രൻ
കൃഷ്ണപക്ഷത്തിലുള്ളതായൊരു നവമിയിൽ
കുംഭകർണ്ണാഖ്യനായരാവണാനുജൻ തന്നെ
കുംഭിനീതലത്തിങ്കൽ വീഴ്ത്തിനാൻ ബാണങ്ങളാൽ.
മുഷ്ക്കേറുംലക്ഷംകോടി രാക്ഷസന്മാരെപ്പോരിൽ
മർക്കടപ്രവരന്മാരന്നു കൊന്നൊടുക്കിനാർ
ഘോരന്മാരാമസുരന്മാരവിടെ പ്ലവംഗമ-
ന്മാരെയും പോരിലേറെയന്നു കൊന്നൊടുക്കിനാർ.

ശോണിതാ തരംഗിണിയായിട്ടങ്ങൊലിച്ചിത-
ക്ഷോണിയിൽ മുണ്ഡമാലയേററവും നിറഞ്ഞിതു.
മരിച്ചു കുംഭകൎണ്ണനെന്നുള്ള വൎത്തമാനം
ധരിച്ചുദശഗ്രീവൻ കരഞ്ഞുമോഹിച്ചിതു.
കല്യനാമതികായൻ ചെന്നാശ്ശുദശാസ്യനെ-
ച്ചൊല്ലിയാശ്വാസിപ്പിച്ചു പോരിന്നു പുറപ്പെട്ടു.
കരുത്തദശമിസ്സാക്കയുള്ളതികായൻ
പുറപ്പെട്ടിതുരുഷാ പോരിനെന്നറിയേണം.
കുംഭകൎണ്ണനെപ്പോരിൽ കൊന്നിട്ടസ്സൂൎയ്യവംശ-
സംഭവൻ രാമചന്ദ്രൻ ക്രൂവളത്തിൻെറചോട്ടിൽ
ദേവിയെ ഭക്തിയോടും പൂജിച്ചുവാഴുംവിധാ-
താവിനെച്ചെന്നുകണ്ടു വന്ദനംചെയ്തശേഷം
അത്യന്തംബലവാനാംരാവണസഹോദരൻ
യുദ്ധത്തിൽമൃതനായവൃത്താന്തമറിയിച്ചാൻ
ദേവിയുംകനിവോടും കല്പിച്ചതെല്ലാംവിധാ-
താവുമന്നേരം രാമചന്ദ്രനോടരുൾചെയ്തു.
വാനരന്മാരെക്കൊണ്ടു രാഘവനനന്തരം
നാനാവിധങ്ങളായ പൂജാസാധനങ്ങളെ
വരുത്തിട്ടശമിനാളഷസ്സിൽപാരമുള്ളിൽ
പെരുകുംഭക്ത്യാഭൂരിബലികളോടുംക്രൂടി
ദേവിയെസ്സമ്പൂജിച്ചുവീണുവന്ദിച്ചുപിന്നെ-
ദ്ദേവവൈരികളോടുപോരിനായ് പുറപ്പെട്ടു.
ധരണീതലംപാരംവിറയ്ക്കുംതക്കവണ്ണം
പെരികെസ്സൈന്യങ്ങളോടൊരുമിച്ചതികായൻ
യുദ്ധത്തിന്നെത്തീടിനാൻ ദുൎദ്ധൎഷനപ്പോൾപാരം
ക്രുദ്ധരായ് കപികളും രാക്ഷസന്മാരോടേററു,

ഗദകൾ പരിഘങ്ങൾ വൃക്ഷങ്ങൾ പാഷാണങ്ങൾ
മുതലായവകൊണ്ടാശരന്മാരെത്തദാ
മർക്കടപ്രവരന്മാർ വീഴ്ത്തിനാർ ശസ്ത്രാസ്ത്രങ്ങൾ
കൊണ്ടാശരന്മാരും വീഴ്ത്തിനാർ കപികളെ.
ഭീമവിക്രമന്മാരാമാശരന്മാരെപ്പാരം
രാമലക്ഷ്മണന്മാരും പോരിൽക്കൊന്നൊടുക്കിനാർ.
ബലവാനതികായൻ സമരാങ്കണത്തിലെ-
ങ്ങലറിക്കൊണ്ടു കൊന്നു മർക്കടന്മാരെപ്പാരം.
അതികായനും രാമലക്ഷ്മണന്മാരുമായി-
ട്ടതിഭീഷണമായ സംഗരം ചെയ്തു പിന്നെ
വീരരാം പ്രഹസ്താദി യാമിനീചരരോടു
പോരാടിത്തുടങ്ങിനാർ മർക്കടപ്രവരന്മാർ.
മുടങ്ങീടാതെ രാവും പകലും ഘോരയുദ്ധം
നടന്നു ഭയപ്പെട്ടു കാണികളഖിലവും.
ശസ്ത്രാസ്ത്രപ്രയോഗത്താൽ പകൽ പോലായി രാത്രി
രാത്രിയെന്നതുപോലെ ഭവിച്ചു പകലഹോ.
കാറുകൂടാതെ കണ്ടു മാരി പെയ്തിതു തദാ;
പാരിടത്തിങ്കലേറെക്കൊടുങ്കാറ്റടിച്ചിതു;
പാരമായ് ഭവിച്ചിതു യന്ത്രപാതവുമേവം
ഘോരമാമായോധനം നടന്നു ദിനത്രയം.
എന്നതിൻ ശേഷം നാലാം ദിവസം ത്രയോദശി
തന്നിലാദിത്യനസ്തംഗതനായതിൽ പിന്നെ
വിരുതേറവുമേറുമതികായനെദ്ദിവ്യ-
ശരസഞ്ചയമെയ്തു ലക്ഷ്മണൻ വധിച്ചിതു.
ഘോരന്മാരായ മററുള്ളാശരന്മാരെപ്പോരിൽ
ശ്രീരാമചന്ദ്രൻ താനും വാനരന്മാരും കൊന്നു.

പേടിച്ചുരാക്ഷസന്മാർ ചിലരൊക്കെയും വേഗ-
മോടിപ്പോയ് രാമചന്ദ്രനററവും സന്തോഷിച്ചു.
സാനന്ദം വാനവന്മാരന്നേരം ജയജയ
ധ്വാനത്തെമുഴക്കിനാർപൂമഴപെയ്യുമ...ം.
ശ്രീരാമനാലിംഗനം ചെയ്തിതു സൌമി...ത്രിയെ
സാദസാദനൻ തൻെറ ചാരത്തുട... ...ിന്ന
വിലാപത്തിൽ പുലർച്ചയ്ക്കു ദേവിയെസ്സമ്പൂജിച്ചു
കല്യാണദായിനിയെ പ്രണമിച്ചനന്തരം
ബലശാലികളായചലബലശാലികളോടും-
വലശാസനസേവ്യൻ രണത്തിന്നൊരുമ്പെട്ടിനാൻ.
അതികായൻെറകാര്യം കഴിഞ്ഞവൃത്താന്തംകേ-
ട്ടതിയായുള്ള ദുഃഖത്തോടുമഭ്രശാനനൻ
ലങ്കയെസ്സംരക്ഷിപ്പാൻമേഘനാദനെയാക്കി-
ശ്ശങ്കവിട്ടായോധനത്തിന്നുതാൻപുറപ്പെട്ടു.
അന്നദാരുണമായ സംഗരമന്നടന്നിതു
വിണ്ണോരുംമുനിമാരും ഭയപ്പെട്ടിതുപാരം.
രാവണൻസമീക്ഷിച്ചു രാഘവാന്തികത്തിങ്കൽ
മേവുന്നവിഭീഷണൻതന്നെയെന്നതുനേരം
വർദ്ധിച്ചകോപത്തോടും മയനേകിയമഹാ-
ശക്തിയെപ്രയോഗിച്ചാനവനെക്കൊന്നീടുവാൻ.
ലക്ഷ്മണൻവിഭീഷണരക്ഷചെയ്യുന്നതിന്നായ്
തൽക്ഷണമവനെമുന്നിൽപോയ് നിന്നീടിനാൻ.
ആ ശക്തിയേററുമൂർച്ഛിച്ചവനീതലത്തിങ്ക-
ലാശ്ശുലക്ഷ്മണൻപതിച്ചീടിനാനതുനേരം
സുമിത്രാതനയനെച്ചെന്നെടുക്കുന്നതിന്നാ-
യമർത്ത്യാരാതിയായ രാവണനാരംഭിച്ചാൻ.

പെട്ടെന്നായതുകണ്ടുവീരനാംമരുത്സുതൻ
മുഷ്ടിയെച്ചുരുട്ടിയൊന്നിടിച്ചുദശാസ്യനെ
മാറിടത്തിങ്കലായതേററവൻ ദശാനനൻ
ചോരഛർദ്ദിച്ചുപാരംമൂർഛിച്ചുവീണാനല്ലോ.
ഉണൎന്നിട്ടവൻവായുനന്ദനൻതന്റെനേരി-
ട്ടണഞ്ഞുഹന്തകാമനാകിയദശകണ്ഠൻ.
രാമനായതുകണ്ടുവില്ലൊന്നു പൊക്കിപ്പാരം
ഭീമനാംദശാസ്യനോടിങ്ങിനെചൊല്ലീടിനാൻ.
“അല്ലയോ ദുരാത്മാവേ! രാവണ! നിന്നെയിപ്പോൾ
കൊല്ലാതെവിടില്ല നീയ്യോടിപ്പോകരുതെ ങ്ങും”
എന്നുരചെയ്തുവില്ലിൽ സായകംചേൎത്തീടിനാ-
നന്നേരംദശഗ്രീവനേററവുംഭയപ്പെട്ടു
പന്തിയല്ലായോധനംസാമ്പ്രതംചെയ്യുതെന്നു
ചിന്തിച്ചുനിജപുരംപ്രാപിച്ചാൻദ്രുതതരം.
യാമിനീചരനാഥനാകിയ ദശാസ്യനെ
ഭീമവിക്രമനായുള്ളിന്ദ്രജിത്തുനേരം
ചൊല്ലിയാശ്വസിപ്പിച്ചുരാഘവന്മാരെക്ഷണം
വെല്ലുവനെന്നുറച്ചുവില്ലുമായ്പുറപ്പെട്ടു.
സത്വരംസൌമിത്രിചെന്നവനോടെതൃത്തിതാ-
യുദ്ധത്തെവർണ്ണിക്കുവാൻശക്തരല്ലാരുത്തരും.
അന്നുരാത്രിയിലമാവാസ്യയിൽസുമിത്രതൻ
നന്ദനൻപോരിൽ മേഘനാദനെവധിച്ചിതു
പാരമാസ്വ[illegible]ദാപിച്ചുരാവണനനന്തരം
[illegible] പടയോട്ടംതാന്തന്നെപുറപ്പെട്ടു
അതി ഭയങ്കരമായ രാമരാവണയുദ്ധം
പ്ര[illegible]തിഥിമുതൽ നവമീതിഥിവരെ

ഉണ്ടായി ശരിക്കുത്തു ചൊല്ലുവാൻശേഷിയുള്ളോ-
രുണ്ടായിട്ടില്ല യുദ്ധമായതുനിസ്തുല്യംതാൻ
ഷഷ്ഠിയാംതിഥിവരെദ്ദശകണ്ഠന്റെസൈന്യം
നഷ്ടമായ്ഭവിച്ചിതുകണക്കില്ലതിന്നഹോ.
ഷഷ്ഠിക്കുസന്ധ്യയിങ്കൽ മണ്ണുകൊണ്ടൊരുരൂപം
സൃഷ്ടിച്ചുചതുർമ്മുഖൻപൂജിച്ചുയഥാവിധി.
സപ്തമീതിഥിയിങ്കൽദേവിയെപ്പിതാമഹൻ
പത്രികതന്നിൽനന്നായാവാഹിച്ചാരാധിച്ചു.
സർവ്വസംഹാരത്തിന്നും കാരണഭൂതയായ
ശർവ്വാണി സർവ്വേശ്വരി സർവ്വജ്ഞപ്രിയതമാ
പത്രികതന്നിൽ പ്രവേശിച്ചോരുനേരം രാമ-
ഭദ്രന്റെകയ്യിലുള്ള വില്ലിലുമാവേശിച്ചു.
ധാതാവുമഹാഷ്ടമിക്കഖിലേശ്വരിതന്നെ-
ച്ചേതസിഭക്ത്യാപാരമുപഹാരങ്ങളോടും
പ്രാതഃകാലത്തു പൂജിച്ചീടിനാൻ രുദ്രാണിയും
പ്രീതികലർന്നപാരം സന്ധികലന്നേട്ടിന്നും
രാമബാണത്തിൽപ്രവേശിച്ചിതാരാവണന്റെ
ഭീമമായുള്ള പത്തുശീർഷത്തിങ്കലുംതഥാ.
മുറിച്ചുരാമചന്ദ്രൻ രാവണശീർഷങ്ങളെ
സ്മരിച്ചുഭവാനിയെ രാവണൻ ഭീതനപ്പോൾ;
ഉണ്ടായി ശിരസ്സുകൾ ഛേദിച്ചു രാമൻവീണ്ടു-
മുണ്ടായി മസ്തകങ്ങൾ കുറയുന്നതേയില്ലാ.
അത്യുഗ്രമായയുദ്ധം നവമിദിവസത്തിൽ
മദ്ധ്യാഹ്നനേരത്തിങ്കൽ ചെയ്തിതദ്ദശഗ്രീവൻ
രാജീവോത്ഭവൻ നാനാബലികളോടുംകൂടി
പൂജിച്ചുദേവിയെയന്നേററവും ശ്രദ്ധയോടും.

നല്ലമേററഗന്ധമരും ധൂപദീപാദികൊണ്ടും
പലമാതിരിയായ നൈവേദ്യങ്ങളെക്കൊണ്ടും [ണ്ടും
സ്തോത്രങ്ങൾകൊണ്ടും ഭക്ത്യാചെയ്യുന്നഹോമംകൊ
പൃത്ഥ്വീനിർജ്ജരന്മാൎക്കുനല്കും ഭോജനംകൊണ്ടും
അത്യന്തംപ്രസന്നയായ്ഭവിച്ചു ഭഗവതി
ഭക്തവത്സലാ പരദേവതാ പരാശക്തി
ശുദ്ധമാനസന്മാൎക്കു വിദ്യാരൂപിണിയായി
മുക്തിയെക്കൊടുക്കുന്ന യാതൊരു സൎവ്വേശ്വരീ
അമ്മഹേശ്വരിതന്നെയവിദ്യാസ്വരൂപേണ
ദുൎമ്മാൎഗ്ഗിയാകും ദശകണ്ഠനെസ്സന്താപിച്ചു.
രാവണൻപിന്നെമായാമോഹിതൻ സ്മരിച്ചീല
ദേവിയെച്ചെററുമുള്ളിൽ ഭക്തിയുമുണ്ടായീലാ.
പെരുകുംക്രോധത്തോടുംപൌരുഷംനടിച്ചുകൊ-
ണ്ടരവിന്ദാക്ഷനായ രാമനോടെതിൎത്തിതു.
മദ്ധ്യാഹ്നംകഴിഞ്ഞിതീമട്ടിലനന്തരം
ചിത്തേ ശ്രീരാമചന്ദ്രൻ സ്മരിച്ചുഭവാനിയെ.
അധുനാമഹാദുഷ്ടനാകുമിദ്ദശാസ്യനെ
വധിപ്പാൻതുണയ്ക്കേണമെന്നേറെപ്രാൎത്ഥിച്ചിതു.
രാവണൻ നശിക്കേണമിപ്പോളെന്നേവംവിധാ-
താവുമുൾഭക്തിയോടും പ്രാൎത്ഥിച്ചാനതിമാത്രം.
അന്നേരംമഹാദേവി യാമിനീചരേന്ദ്രനെ-
ക്കൊന്നീടുന്നതിനുള്ള ബാണമൊന്നേകീടിനാൾ.
കത്തുന്നകാലാഗ്നിപോലേററവും ജ്വലിക്കുമാ-
യസ്ത്രം ശ്രീരാമന്നാശുനല്കിനാൻപിതാമഹൻ.
അത്യുഗ്രം വായുവേഗമായസ്ത്രം രഘുവരൻ
ഹൃത്താരിൽ ഭവാനിയെസ്സംസ്മരിച്ചയച്ചിതു.

ത്തുശരപ്രവരന്റെ മാറിടംപിളൎന്നുട-
ന്നാശരം പ്രാണങ്ങളെ സ്വീകരിക്കയുംചെയ്തു.
തങ്കത്തേരിങ്കൽനിന്നു രാവണൻ ധരാതല-
ത്തിങ്കൽവീഴുന്നതപ്പോൾ കണ്ടിതങ്ങെല്ലാവരും.
വിറച്ചുഭൂമിയപ്പോൾ ക്ഷോഭിച്ചു പാരാവാരം
തരസാ ഭൂതവൃന്ദം ഭയപ്പെട്ടിതു പാരം.
ദുഃഖിച്ചുരാക്ഷസന്മാർ സാമോദം വാനരന്മാ-
രൊക്കയും ജയജയേത്യുച്ചത്തിൽ ചൊല്ലീടിനാർ.
തെളിഞ്ഞുജഗത്രയം പൂമാരിയങ്ങുണ്ടായി
വളൎന്നു ദുഃഖത്തോടും കരഞ്ഞുവിഭീഷണൻ.
കാരുണ്യത്തോടുമേററം നല്ലവാക്കുകൾ ചൊല്ലി
ശ്രീരാമചന്ദ്രനപ്പോളാശ്വസിപ്പിച്ചുപിന്നെ.
പാരിച്ചമോദത്തോടും വരുത്തിവൈദേഹിയെ
ശ്രീരാമൻസലക്ഷ്മണൻ കപിസംഘത്തോടും
സത്വരമവിടെനിന്നംബുജോത്ഭവൻ പരാ-
ശക്തിയെസ്സംപൂജിക്കുമസ്ഥലത്തിങ്കൽച്ചെന്നാൻ.
ക്ഷേമദായിനിയാകും ശ്രീമഹാദേവിയെ ശ്രീ-
രാമനും സൌമിത്രിയും വാനരോത്തമന്മാരും
ഉന്നതഭക്തിയോടും വന്ദനം പ്രദക്ഷിണ-
മെന്നിവചെയ്തു വാഴ്ത്തി സ്തുതിച്ചാരതിമാത്രം.
സൎവ്വമംഗളയായ ദേവിയെ ശക്രമുഖ്യ
സൎവ്വഗീൎവ്വാണന്മാരും സ്തുതിച്ചു ഭക്തിപൂൎവ്വം.
സ്തവങ്ങൾ വിപുലങ്ങളാകിയ ബലികളെ-
ന്നിവയാൽ പ്രീതയായി ഭവിച്ചു മഹേശ്വരി.
ദേവിതൻ പ്രസാദത്താൽ പൂൎണ്ണമാനസൻ രാമ-
ദേവനക്കരുനിങ്കലേററമാമോദമാൎന്നു.

കൂട്ടമുത്സാഹത്തോടും മർക്കടപ്രവരന്മാ-
രാടിയും പാടിയുമന്നുത്സവം കൊണ്ടാടിനാർ.
നവമീതിഥിയേവം കഴിഞ്ഞുമുദാ പിറേറ-
ദിവസം പ്രാതഃകാലത്തിങ്കല്പ്പത്മോത്ഭവൻ
ദേവിയെസ്സമ്പൂജിച്ചു മൂർത്തിയെജ്ജലധിയിൽ
ദേവന്മാരോടുംകൂടിക്കൊണ്ടുപോയ് സംസ്ഥാപിച്ചു.
ജാനകീദേവിയോടും ലക്ഷ്മണനോടും സർവ്-
വാനരസംഘത്തോടും ചേർന്നുകൊണ്ടനന്തരം
കാരുണ്യക്കടലായ ദേവിതൻകഴൽകൂപ്പി
ശ്രീരാമൻ പുരംപുക്കു വാണിതു യഥാസുഖം.

ഇതി ശ്രീമഹാദേവീഭാഗവതാന്തർഗ്ഗതം
ലഘുരാമായണം സമ്പൂർണ്ണം.

## ബി. വി. ബുക്കഡിപ്പോവിൽ വില്പനയ്ക്കു തയ്യാറുള്ള

### പുതിയ പുസ്തകങ്ങൾ

| | രു. | ണ. |
|---|---|---|
| മാലതീമാല | ൧ | ൦ |
| മാൎത്താണ്ഡവൎമ്മ | ൧ | ൦ |
| മീനാക്ഷി | ൧ | ൮ |
| ഭാസ്കരമേനോൻ | ൦ | ൮ |
| സൌദാമിനി | ൧ | ൦ |
| സ്നേഹലത | ൧ | ൪ |
| രാമരാജാബഹദൂർ ൧-ാംഭാഗം | ൧ | ൨ |
| ടി ൨-ാംഭാഗം | ൧ | ൨ |
| നാരായണീയം ചമ്പു | ൦ | ൧൨ |
| നൈഷധം ടി | ൦ | ൪ |
| ഭദ്രാവതാരം (പാന) | ൦ | ൧൨ |
| അഭിഷേകനാടകം | ൦ | ൧൨ |
| അമരുകശതകം | ൦ | ൮ |
| മയൂരസന്ദേശം | ൦ | ൮ |
| ഹൎഷവൎദ്ധനൻ | ൦ | ൧൨ |
| വിക്രമാദിത്യൻ ത്രിഭുവനമല്ലൻ | ൦ | ൮ |
| പ്രഹസനമാല:— | | |
| കരുപ്പിള്ളാക്കമരി | ൦ | ൮ |
| പണ്ടത്തെ പാച്ചൻ | ൦ | ൪ |
| ചെറുതേൻ കൊളംബസ് | ൦ | ൪ |
| ചാപ്പിച്ചെല്ലണ്ണങ്ങം പാതാളം | ൦ | ൪ |
| ഡാക്ടൎക്കു കിട്ടിയ മിച്ചം | ൦ | ൪ |
| കയ്യമല്ലന്റെ കരള്ളിക്കൈ | ൦ | ൪ |
| കറുപ്പിന്റെ തിരിപ്പ് | ൦ | ൪ |